**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- ഡോ. അർച്ചന.കെ.ഒ, ജൂനിയർ കൺസൾട്ടന്റ് (ഗൈജി), ഫയൽ ചെയ്ത ഒ.എ(ഇ.കെ.എം) -1223/2022 മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 17.08.2022 ലെ അന്തിമ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. ഉത്തരവ് നം. ഇ.എ1-89242/2022/ആ.വ.ഡ തീയതി 13.05.2022
2. ഡോ. അർച്ചന.കെ.ഒ സമർപ്പിച്ച അപേക്ഷ തീയതി 04.07.2022
3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ(ഇ.കെ.എം) -1223/2022 മേലുള്ള 17.08.2022 ലെ അന്തിമ വിധിന്യായം

**ഉത്തരവ് നം. ഇ.എ1- 34184/2022/ആ.വ.ഡ തീയതി 16.11.2022**

2021 ലെ പൊതു സ്ഥലംമാറ്റത്തിന്റെ ഭാഗമായി കോഴിക്കോട് ഫറൂഖ് താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയിരുന്ന ഡോ. അർച്ചന.കെ.ഒ യെ കോഴിക്കോട് കുറ്റിയാടി താലൂക്ക് ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത സ്ഥലംമാറ്റത്തിനെതിരെ ടി മെഡിക്കൽ ഓഫീസർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒ.എ(ഇ.കെ.എം)-1223/2022 മേലുള്ള 17.08.2022ലെ അന്തിമ വിധിന്യായത്തിൽ ഡോ. അർച്ചന.കെ.ഒ പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ ആയതിൻമേൽ ഉചിതമായ തീരുമാനം കൈക്കൊള്ളാൻ ഉത്തരവായിട്ടുണ്ട്.

കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയിരുന്ന ഡോ.രാജി.പി.ജി, ഫറൂഖ് താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റത്തിനായി സമർപ്പിച്ചിരുന്ന അപേക്ഷ പരിഗണിച്ച സാഹചര്യത്തിലാണ് ഫറൂഖ് താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയിരുന്ന ഡോ. അർച്ചന.കെ.ഒ യെ ടി സ്ഥാപനത്തിൽ നിന്നും സ്ഥലംമാറ്റിയത്. എന്നാൽ മലപ്പുറം വണ്ടൂർ താലൂക്ക് ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് (ഗൈജി) ആയിരുന്ന ഡോ. സ്മിത വല്ലഭൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒ.എ(ഇ.കെ.എം)-1433/2021 ന്റെ 13.09.2021 ലെ ഉത്തരവ് പാലിക്കുന്നതിനായി ഡോ. സ്മിത വല്ലഭനെ കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റേണ്ടി വന്നതിനാൽ ഡോ. അർച്ചന.കെ.യെയ്ക്ക് ടിയാരിയുടെ ഒന്നാം ഓപ്ഷനായ കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം നൽകാൻ കഴിഞ്ഞില്ല.

ഡോ. അർച്ചന.കെ.ഒയുടെ 2-ാം ഓപ്ഷനായ കോഴിക്കോട് ജനറൽ ആശുപത്രിയിലും 3-ാം ഓപ്ഷനായ താമരശ്ശേരി താലൂക്ക് ആസ്ഥാന ആശുപത്രിയിലും 5-ാം ഓപ്ഷനായ കൊയിലാണ്ടി താലൂക്ക് ആസ്ഥാന ആശുപത്രിയിലും സ്ഥലംമാറ്റത്തിന് പരിഗണിക്കാവുന്ന ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ്മാർ ഇല്ലായിരുന്നു. 4-ാം ഓപ്ഷനായ എം.സി.എച്ച് യൂണിറ്റ്, ചെറുപ്പയിൽ ടി തസ്തിക ഇല്ല. ആയതിനാലാണ് ടിയാരിയെ

കോഴിക്കോട് ജില്ലയിൽ തന്നെയുള്ള കുറ്റിയാടി താലൂക്ക് ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റിയത്.

ഡോ. അർച്ചന.കെ.ഒയുടെ അപേക്ഷയിൽ 2021 ലെ പൊതു സ്ഥലംമാറ്റത്തിനുള്ള കരട് പട്ടികയിൽ ടിയാരിയുടെ 3-ാം ഓപ്ഷനായ താമരശ്ശേരി താലൂക്ക് ആസ്ഥാന ആശുപത്രി നൽകിയിരുന്നതിനാലാണ് അപ്പീൽ സമർപ്പിക്കാതിരുന്നതെന്നും എന്നാൽ അന്തിമ ഉത്തരവിൽ ടിയാരിയുടെ ഓപ്ഷൻ അല്ലാതിരുന്ന കുറ്റിയാടി താലൂക്ക് ആശുപത്രി യിലേയ്ക്കാണ് സ്ഥലംമാറ്റം നൽകിയത് എന്നും ടി സ്ഥാപനത്തിലേയ്ക്ക് പ്രതിദിനം 120 കി.മി യാത്ര ചെയ്യേണ്ടി വരുന്നു എന്നും ടിയാരിയുടെ രോഗാവസ്ഥ പരിഗണിച്ചും ടിയാരി എയർക്രാഫ്റ്റ് അപകടത്തിൽ മരണപ്പെട്ട സൈനികന്റെ മകളാണെന്നത് പരിഗണിച്ചും കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

പ്രസ്തുത സാഹചര്യത്തിൽ കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നിലവിൽ ജോലി ചെയ്യുന്ന ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൽട്ടന്റ്മാരിൽ സ്റ്റേഷൻ സീനിയറും ടി സ്ഥാപനത്തിൽ 5 വർഷ സേവനകാലയളവ് പൂർത്തിയാക്കിയതുമായ ഡോ. ലക്ഷ്മി രാജ്മോഹൻ (പെൻ: 711757)-നെ വടകര ജില്ലാ ആശുപത്രിയിൽ നിലവിലുള്ള ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൽട്ടന്റ് തസ്തിക യിലെ ഒഴിവിലേയ്ക്ക് സ്ഥലംമാറ്റി പകരം ഡോ. അർച്ചന.കെ.ഒ (പെൻ: 602899)-യെ കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നിയമിച്ച് ഉത്തരവാകുന്നു.

മേൽപ്രകാരം ഒ.എ(ഇ.കെ.എം) -1223/2022 മേലുള്ളബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 17.08.2022ലെ അന്തിമ വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

**ഒപ്പ്**

**ഡോ.വി. മീനാക്ഷി**

**ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ്**

സ്വീകർത്താവ്

1. ഡോ. അർച്ചന.കെ.ഒ, ജൂനിയർ കൺസൽട്ടന്റ് (ഒഇജി), താലൂക്ക് ആശുപത്രി, കുറ്റിയാടി, കോഴിക്കോട്
2. ഡോ. ലക്ഷ്മി രാജ്മോഹൻ, ജൂനിയർ കൺസൽട്ടന്റ് (ഒഇജി), സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കോഴിക്കോട്

പകർപ്പ്:

1. അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
2. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബ ക്ഷേമ (എ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
3. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), കോഴിക്കോട്
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ
6. ഫയൽ/ കരുതൽ ഫയൽ.

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**